# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4888** **02-07-2024 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ പ്രവർത്തനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. ജെ. വിനോദ്</th><th colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷനിൽ മുൻ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നതിന്റെയും എത്ര പരാതികളിൽ തീർപ്പ കൽപ്പിച്ചിട്ടുണ്ടെന്നതിന്റെയും വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;</td><td>(എ)</td><td>പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ 31/03/2016 ൽ 4482 പരാതികൾ തീർപ്പാക്കാനുണ്ടായിരുന്നു. അതിനു ശേഷം ഓരോ വർഷവും ലഭിച്ച പരാതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലഭിച്ച പരാതികളുടെ എണ്ണം</th><th>തീർപ്പാക്കിയ പരാതികളുടെ എണ്ണം</th></tr>
<tr><td>2016-17</td><td>2295</td><td>1559</td></tr>
<tr><td>2017-18</td><td>3389</td><td>4882</td></tr>
<tr><td>2018-19</td><td>2638</td><td>3229</td></tr>
<tr><td>2019-20</td><td>2293</td><td>1858</td></tr>
<tr><td>2020-21</td><td>1706</td><td>1468</td></tr>
<tr><td>2021-22</td><td>2147</td><td>857</td></tr>
<tr><td>2022-23</td><td>2312</td><td>2224</td></tr>
<tr><td>2023-24</td><td>2348</td><td>2849</td></tr>
<tr><td>2024 ഏപ്രിൽ, മെയ്, ജൂൺ</td><td>411</td><td>428</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ കമ്മീഷനിൽ ലഭിക്കാറുണ്ടോ; ഇത്തരം പരാതികൾ സംബന്ധിച്ച് കമ്മീഷൻ എന്തു നിലപാടാണ് സ്വീകരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;</td><td>(ബി)</td><td>പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം പരാതികളിൽ ബന്ധപ്പെട്ട കക്ഷികളെ അദാലത്തിലൂടെയും ഹിയറിംഗിലൂടെയും നേരിൽ കേട്ടും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് വാങ്ങിയും തീരുമാനങ്ങൾ എടുത്ത്, നിയമനടപടികൾ ഉൾപ്പെടെയുള്ള പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി, തീർപ്പുകൽപ്പിക്കുന്നു.</td></tr>
<tr><td>(സി)</td><td>പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷനിൽ പരാതികൾ സമർപ്പിക്കേണ്ടതു സംബന്ധിച്ച്</td><td>(സി)</td><td>പരാതികക്ഷിയുടെ ഒപ്പും വ്യക്തമായ മേൽവിലാസവും ഇല്ലാതെ ലഭിക്കുന്നതും കമ്മീഷന്റെ അധികാര പരിധിക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | | പുറത്തുള്ളതുമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കാറില്ല. മേൽപ്പറഞ്ഞ പ്രകാരമുള്ള പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് തീർപ്പാക്കുന്നതിനായി 26/02/2024 ൽ കൂടിയ കമ്മീഷൻ യോഗതീരുമാന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ